യുടെ 97.8% ഇതിനുപുറമെ സംസ്ഥാനങ്ങൾക്കിടയിൽ നികുതി പങ്കുവയ്ക്കുന്നതിനായി ഒരു ബദൽ നികുതി ഫോർമുലയും (ആൾട്ടർനേറ്റീവ് ഡെവല്യൂഷൻ സ്കീം) പത്താം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് ആകെ കേന്ദ്ര നികുതികളുടെ മൊത്ത വരുമാനത്തിന്റെ 26% സംസ്ഥാനങ്ങൾക്ക് നൽകണം. കൂടാതെ ടാക്സ് റെന്റൽ സംവിധാനം നിർത്തലാക്കുകയും അധിക എക്സൈസ് തീരുവ അടിസ്ഥാന എക്സൈസ് തീരുവയിൽ ലയിപ്പിക്കുകയും വേണം. ഇപ്രകാരം ചെയ്ത ശേഷം കേന്ദ്രത്തിന്റെ ആകെ നികുതി വരുമാനത്തിന്റെ 3% കൂടി സംസ്ഥാനങ്ങൾക്ക് നൽകണം. അങ്ങനെ ആകെ 29% നികുതി വിഹിതം സംസ്ഥാനങ്ങൾക്ക് വീതിക്കണം. ഈ ശുപാർശ ഇതുവരെ നടപ്പിലാക്കിയിട്ടില്ല.

(സി) ഇതു സംബന്ധിച്ച് സംസ്ഥാനത്തിന് കേന്ദ്രത്തിൽനിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

ഏഷ്യൻ വികസന ബാങ്ക് വായ്പ

3 (1826) ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ വികസന ബാങ്കിൽനിന്നും എത്ര കോടി രൂപയുടെ വായ്പയാണ് സംസ്ഥാനം എടുക്കുന്നത്;

(ബി) ഗ്രാന്റും തിരിച്ചടയ്ക്കേണ്ട തുകയും എത്ര വീതമാണ്;

(സി) തിരിച്ചടയ്ക്കേണ്ട തുകയുടെ പലിശ എത്രയാണ്;

(ഡി) ഇത് എത്ര കാലംകൊണ്ട് തിരിച്ചടയ്ക്കണം;

(ഇ) ഏതെല്ലാം പദ്ധതികൾക്കായിട്ടാണ് ഈ തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്;

(എഫ്) വായ്പ തിരിച്ചടയ്ക്കുന്നത് സംബന്ധിച്ച വിശദ വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(എഫ്) ഏഷ്യൻ വികസന ബാങ്കുമായി ഇക്കാര്യത്തിൽ മൂന്നു വട്ടം ചർച്ച നടത്തി അന്തിമഘട്ട ചർച്ചകൾക്കുശേഷം മാത്രമേ ഇക്കാര്യങ്ങളെ സംബന്ധിച്ചുള്ള വിശദാംശങ്ങളിൽ തീരുമാനമാകുകയുള്ളൂ.

പ്ലാൻ-നോൺപ്ലാൻ ചെലവുകൾക്ക് നീക്കിവച്ച തുക

4 (1827) ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ബഡ്ജറ്റിൽ പ്ലാൻ ചെലവുകൾക്കും നോൺപ്ലാൻ ചെലവുകൾക്കുമായി നീക്കിവച്ച തുക എത്രവീതമായിരുന്നു;

(ബി) ഇതിൽ 2000 ജനുവരി 31 വരെ ഈ ഓരോ ഇനത്തിൽനിന്നും എന്തു തുക വീതം ചെലവായി;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് അതാതിനങ്ങൾക്കുവേണ്ടി ഉൾപ്പെടുത്തിയ തുകയുടെ എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ വർഷത്തെ ബഡ്ജറ്റിൽ പ്ലാൻ ചെലവുകൾക്കായി മൊത്തം 3776.18 കോടി രൂപയും നോൺ പ്ലാൻ ചെലവുകൾക്കായി 10014.83 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്.

(ബി) സംസ്ഥാന പ്ലാനിനത്തിൽ 31 ജനുവരി 2000 വരെ താൽക്കാലിക കണക്കുപ്രകാരം 1850.54 കോടി രൂപ ചെലവായിട്ടുണ്ട്. എന്നാൽ നോൺപ്ലാൻ വിഭാഗത്തിലെ ഈ കാലയളവിലെ ചെലവ് തിട്ടപ്പെടുത്തിയിട്ടില്ല.

(സി) മൊത്തം പദ്ധതി ചെലവിന്റെ വിവരം ലഭ്യമല്ല. എങ്കിലും 31.1.2000 വരെയുള്ള സംസ്ഥാന പ്ലാൻ ചെലവ് മൊത്തം സംസ്ഥാന അടങ്കൽ തുകയുടെ 57 ശതമാനമാണ്. എന്നാൽ നോൺ പ്ലാനിനെ സംബന്ധിച്ചിടത്തോളം മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

അടിസ്ഥാന സൗകര്യ നിക്ഷേപ നിധി

5 (1828) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യ നിക്ഷേപ നിധിയിലേയ്ക്ക് പണം പിരിച്ചെടുത്തതിന് എത്ര കോടി രൂപ സർക്കാരിന് ചെലവായി; അത് ഏതെല്ലാം ഇനത്തിലാണ് ചെലവായതെന്ന് വ്യക്തമാക്കുമോ; ഏത് സ്ഥാപനമാണ് ഇതിനാവശ്യമായ പണം സമാഹരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന് അറേഞ്ച്ഡ് ഫീസ് ഇനത്തിൽ എത്ര കോടി രൂപയാണ് നൽകിയത്;

(സി) ഇതിന് ടെണ്ടർ ക്ഷണിച്ചിരുന്നോ;

(ഡി) ഏത് മാനദണ്ഡത്തിലാണ് അറേഞ്ചറെ നിശ്ചയിച്ചത്; വിശദമാക്കുമോ?

ഉത്തരം

(എ) എത്ര രൂപ ചെലവായി എന്ന് കണക്കാക്കിയിട്ടില്ല. എസ്.ബി.ഐ. ക്യാപ്പിറ്റൽ സർക്കസ് ലിമിറ്റഡ് മുംബൈ, എസ്.ബി.ടി. എന്നീ സ്ഥാപനമാണ് പണം സമാഹരിച്ചത്.

(ബി) അറേഞ്ച്ഡ് ഫീസിനത്തിൽ ഇതുവരെ രൂപയൊന്നും നൽകിയിട്ടില്ല.

(സി)&(ഡി) ടെണ്ടർ വിളിച്ചിട്ടില്ല. സാധാരണയായി ഗവൺമെന്റ് ബിസിനസ് നടത്തുവാൻ എസ്.ബി.ഐ. എസ്.ബി.ടി. എന്നീ സ്ഥാപനങ്ങളെയാണ് ഏർപ്പെടുത്തിയിരിക്കുന്നത്. അതിനാലാണ് അറേഞ്ചറായി ഈ സ്ഥാപനങ്ങളെ നിശ്ചയിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly